(1) ~~(3)~~ ഹൃദയത്തിൽ നിന്ന്



~~ഹൃദയത്തിൽ നിന്ന്~~

" ഏതെ അത്ഭുതകരമായ ഒരു സൃഷ്ടിവിശേഷമാണ് മനുഷ്യൻ — ആദർശത്തിൽ അതീവ വിശിഷ്ടൻ — ആചാരത്തിൽ അതിസുഭഗൻ — വിവേകത്തിൽ വിഖ്യാതൻ — വിജ്ഞാനത്തിൽ വിശ്രുതൻ — ശക്തിയിൽ അപരിമിതൻ — ലോകസൃഷ്ടിക്ക് ദിവ്യത്വമിയച്ചേർത്ത മണിമകുടമാണ് മനുഷ്യൻ.

അവന് ഒരു ഹൃദയമുണ്ട് — മറ്റൊരു ജീവിക്കുമില്ലാത്ത വിപുല വികാരങ്ങൾ ധന്യമായിട്ടുള്ളത്. അവനൊരു പാരമ്പര്യമുണ്ട് — പ്രപഞ്ചകർത്താവിങ്കൽനിന്ന് പ്രഭവിച്ചുവായിട്ടുള്ളത്.

ആദർശത്തിന്റെ അധഃപതനത്തിൽ, അടിന്തരാത്ത ഒരു ചേതോവികാരം അവനിൽ എന്നും നിലനില്ക്കുന്നു — അതാണ് പ്രേമം. ആയിരം സഹസ്രാബ്ദങ്ങളായി, അനന്തമായ ഒരു ദിവ്യവലയത്തിൽ, നിതാന്തം, അവിശ്രാന്തം, ചുറ്റിത്തിരിയുന്ന ഒരു പവിത്ര നക്ഷത്രമാണത്.

ഹൃദയം ഹൃദയത്തിൽ, ആത്മാവ് ആത്മാവിൽ, നിമഗ്നമായി, ദ്വിത്വം ഏകത്വമാകുന്നതാണ് പ്രേമം. അത് മൃദുലമാണെങ്കിലും ദൃഢമാണ്. അത് ഒന്നല്ലെങ്കിലും എല്ലാമാണ്.

അത് എല്ലാറ്റിനേയും സുശോഭനമാക്കിത്തീർക്കുന്നു — മോഹനമാക്കിച്ചെയ്യുന്നു — മൃദുലമാക്കിമാറ്റുന്നു. പ്രേമത്തിന് പാത്രമാകുന്ന മനുഷ്യജീവി, സർവോപരി സൗന്ദര്യപൂർണ്ണമായിത്തീരുന്നു — ഭാസ്കരന്റെ ഭാസുരകിരണങ്ങളേറ്റു വികസിക്കുന്ന സരോജത്തെപ്പോലെ.

അല്ലയോ! അജ്ഞാതനാം അദൃശ്യനാം ആയ പരാശക്തി! അങ്ങയോട് എനിക്ക് ഒരപേക്ഷയേയുള്ളൂ — നിസ്വാർത്ഥമായ പ്രേമം എന്നിൽ നിന്നും ഉദിക്കുമാറാകണേ! എന്റെ ഹൃദയ പാരാവാരത്തിലെ സംസാരക്കൊ

(8 പുറം)

ടുകാററിനെ അണക്കുന്ന വർഷണമേ! ദിവ്യപ്രേമത്തിന്റെ പാവന ശക്തിയാൽ ഞാൻ അങ്ങേപ്പോലെ, അചഞ്ചലനും സുശക്തനുമായിത്തീരേണമേ!

പ്രയത്നം പ്രേമത്തെ ആർജ്ജിക്കുവാൻ ശക്തമല്ല — സമുദ്രവും ~~[illegible]~~ പ്രേമത്തിന്റെ പിപാസ ശമിപ്പിക്കുകയില്ല — വിശ്വ ~~ലോക~~ത്തിലുള്ള യാതൊന്നിനും വിശേഷതരമായ പ്രേമത്തെ പ്രീതിപ്പെടുത്തുവാൻ സാധ്യമല്ല.

യഥാർത്ഥ പ്രേമത്തിന് പരിവർത്തനമില്ല — അത് അചലത്തേക്കാൾ അചഞ്ചലമാണ് — രണ്ടു മനഃപ്രവൃത്തികൾ ഈ ആത്മാനന്ദിക വികാരത്തിന്റെ, വിശേഷതരശക്തിയുടെ, സ്വാധീന ബലത്തിൽ അന്യോന്യം ലയിക്കുമ്പോൾ — അതിനെ നിലനിർത്തുന്നതിന് ഒരൌപചാരിക പാശബന്ധം ആവശ്യമേയല്ല. പ്രേമത്തിൽ ~~[illegible]~~ അനൈക്യമുണ്ടെങ്കിൽ അതിന്റെ പ്രകടോദാഹരണമാണ് വിവാഹം. വിവാഹത്തിന്റെ ഉത്ഭവം പ്രേമത്തിലല്ല — ഭൗതിക ശാരീരികാകർഷണത്തിൽ നിന്ന് — സൌകര്യത്തിൽ നിന്ന് — ലൗകികാവശ്യകതയിൽ നിന്ന് — ഉദരപൂർത്തിയിൽ നിന്ന് — അതോടും അപ്പോൾ അവരുടേയും അവരുടെ സന്തതിപരമ്പരയുടേയും ലൌകികമെന്ന ഭാഗ്യത്തിന് ഒരു നൈയാമികബന്ധം അവശ്യം മാത്രമാണ്.

അനന്തമായ ആദർശവും നിതാന്തമായ നൈർമ്മല്യവുമില്ലാത്ത പ്രേമം — അതു പ്രേമമേയല്ല; അത് ഐഹികമായ — അസ്ഥിരമായ — സുകരമായ ഒരു ശാരീരികാകർഷണം മാത്രമാണ്; രണ്ടു മർത്ത്യ ജീവികളുടെ ഇണചേരൽ — അതുമാത്രം.

ദിവ്യപ്രേമം — അതു സർവ്വലോകങ്ങളുടേയും ചിരസ്ഥായിയായ അടിസ്ഥാനമാണ് — അതുത

ന്നെയാണ് സകല ജീവരാശികളുടേയും ഉത്ഭവകേന്ദ്രം. ആ
ത്മാവിന്റെ ~~സ്ത്രീപുരുഷ~~ ദൈവലിംഗികങ്ങളായ പരമാണുക്കൾ,
അന്യോന്യമാകർഷിച്ച് അടുത്ത് വന്ന് ഏകത്വത്തിൽ ലയിക്കുന്ന
താണ് പവിത്രപ്രേമം.

വിശ്വത്തിന്റെ, പ്രപഞ്ചത്തിന്റെ, അന്തരാ
ത്മാവാണ് പ്രേമമെങ്കിൽ, — പരമാത്മാവ് അതുതന്നെയാണ് — പ്രേമം
~~[illegible]~~ അതിന്റെ സൃഷ്ടിയെ സന്തുഷ്ടമായിക്കാണാനാണ്,
ആഗ്രഹിക്കുന്നത്. ~~[illegible]~~ ഈ സൃഷ്ടിയുടെ ദിവ്യപദ്ധതിയിൽ, ദുഃഖ
ത്തിന് സ്ഥാനമേയില്ല. മനുഷ്യൻ നിയതിയുടെ നിയമങ്ങളോ ഇതിഹാസം
ട് വഴുതുന്നതിന്റെ ~~[illegible]~~ മാത്രമാണ് ദുഃഖം.

പ്രേമം ചിരസ്ഥായിയല്ലെങ്കിൽ — അത് താ
ല്ക്കാലികമാണെങ്കിൽ — അത് പ്രേമമേയല്ല. ആ പേരിൽ
നാം അറിയുന്നത്, ഏററവും സാധാരണമായ പുംസ്ത്രീബന്ധം
മാത്രമാണ് — ശരീരത്തിന്റെ ആശാപൂരണം ഉദ്ദേശമായുള്ള
പുരുഷനും ആ ആശാപൂരണത്തിനപ്പുറം കടക്കുവാൻ ശക്തി
യില്ലാത്ത ഒരു സ്ത്രീയും തമ്മിലുള്ള അനിത്യ ബന്ധം.

സാമാന്യലോകത്തിന്റെ ധാരണയിലുള്ള
പ്രേമം, നിഷ്ഫലമാണ്; അത് മൃത്യുവോ, മാന്ദ്യമോ,
നമ്മിൽ നിന്ന് തട്ടിപ്പറിച്ചുകൊണ്ടുപോകുന്ന പ്രേമത്തിനെ
ന്താണ് വിലയുള്ളത്! ദൈഹികമായ പ്രേമം, നമ്മുടെ ഹൃദയ
സമ്പത്തിനെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. പരിപൂർണ്ണ
മായ, നിത്യമായ, അനന്തമായ, അഭിന്നമായ, അഭേദ്യ
മായ, അമൂല്യമായ, ഒരു ശക്തിയെന്ന നിലയിൽ മാത്ര
മേ, യഥാർത്ഥ പ്രേമത്തിന് വിലകല്പിക്കാവൂ. അതിനെ
അങ്ങിനെ പരിരക്ഷിച്ച്, നിത്യവും അനന്തവും അഭിന്ന
മവും അഭേദ്യവും അമൂല്യവുമായ ഒരു ശക്തിയായി നില
നിർത്തുവാൻ ~~[illegible]~~ നമുക്ക് കഴിയുമെന്നുള്ള ~~[illegible]~~ സ്വയം ധൈ

വും ബലവും പരമാത്മത്വം
മുങ്ങില്ലാത്ത ഒരുത്തൻ, ദിവ്യങ്ങളിൽ ദിവ്യതമമായ ഈ പ
വിത്രവികാരവുമായി ഇടപെടാതിരിക്കുകയായിരിക്കുന്നുള്ളൂ
സകല ചിന്തയുടേയും സകല കർമ്മത്തിന്റേയും സകല ദിവ്യത്വ
ത്തിന്റേയും മൂലമായ ഈ ~~[illegible]~~ പാവന ശക്തി മനുഷ്യനെ
റിയില്ലെങ്കിലും. നല്ലൊരു [illegible]കയില്ല

സാമാന്യനായ പുരുഷനെയും അതിൽ
ഉപരിയായി സ്ത്രീയെയും, കൂടുതൽ ദ്രോഹിക്കുന്നത്, പ്രേമമല്ല.
പിന്നെ, പ്രേമപാത്രമാകുന്നതിലുള്ള അത്യാസക്തിയാണ്.
ഒരു സാധാരണ ~~സ്ത്രീ~~ യുവതിക്ക്, മൃതനായ ഒരു മനുഷ്യനെപ്പോലും എല്ലാ
കാലവും സ്നേഹിക്കാൻ സാധിക്കാത്തതിന്റെ മൂലകാരണ
മതാണ് — തന്റെ ജീവനായ വികാരത്തിന്റെ നിശ്ചി
തമായ പ്രതിഫലം. അതില്ലാതാകുമ്പോൾ, അവൾ അതൃ
പ്തയാകുന്നു. അവൾ അന്യ പ്രതിഫലങ്ങളെ ആരായുവാനാ
രംഭിക്കുന്നു. ഒരു സാധാരണ യുവാവിന്, മൃതയായ തന്റെ
പ്രേമഭാജനത്തോടും അങ്ങിനെ തന്നെ.

ക്രോധപൂരിതമായ ഈ ജഗത്തിൽ ദ്രോ
ഹത്തിന് ഹേതുവെന്താണ്! അസൂയ — ശവകുടീര
ത്തെക്കാൾ ക്രൂരതരമായ അസൂയ — മനുഷ്യന്റെ സദ്ഗു
ണസമ്പത്തിനേയും അപഹരിച്ചു കളയുന്ന ആ പൈശാചി
കാഗ്നി!! ഹാ! ലോകത്തിലെ പൈശാചികശക്തികൾ!
സ്നേഹിക്കുകയും സഹതപിക്കുകയും ചെയ്യേണ്ടുന്നതിനു പകരം.
ദ്വേഷിക്കുകയും അപമാനിക്കുകയും ചെയ്യുന്ന നാരകീയ ശക്തി
കൾ! സമത്വവും സ്വാതന്ത്ര്യവും ആവശ്യമുള്ളിടത്ത്
വ്യാജവും വിദ്വേഷവും വിതക്കുന്ന ചപലജീവികൾ!
~~[illegible]~~ പ്രത്യാശയാൽ ജ്വലിച്ചു ശോഭിക്കുന്ന ഹൃദയത്തെ നി
രാശയാൽ തകർത്തു മരിക്കുന്ന ദുഷ്ടരാക്ഷസന്മാർ! പവിത്ര
മമായ പ്രേമത്തെ കപടാപവാദത്താൽ കളങ്കപ്പെടുത്തുന്ന

നീചകീടങ്ങൾ! ഹാ! അപവാദവും ഐശ്വര്യവും, മദവും അസൂയയും, ആയുധമാക്കുന്ന ലോകത്തിലെ ദുഷ്ടശക്തികളെ ദൂരീകരിക്കുവാൻ സാധിച്ചിരുന്നെങ്കിൽ, ഈ ലോകമല്ലാതെ, സ്വർഗ്ഗം മറ്റെങ്ങുണ്ടാകുമായിരുന്നു!

ലോകത്തിൽ ഓരോ വ്യക്തിക്കും സ്വീകരിക്കാവുന്ന ഒരു രക്ഷാമാർഗ്ഗമുണ്ട്. ധൈര്യത്തോടെ തമസ്സിനെ അഭിമുഖീകരിക്കുക,- നിങ്ങൾ പ്രകാശത്തെയായിരിക്കും ദർശിക്കുക. ദുരന്തമായ ദുരിതത്തെ പ്രത്യാശാപരിപൂർണ്ണമായ ഹൃദയത്തോടെ കൂടെ വെല്ലുവിളിക്കുക — പ്രസന്നമായ ഒരു അനുഭവമായിരിക്കും നിങ്ങൾ അതിൽ കാണുക. പരാശക്തി നിങ്ങൾ തകർന്നുവരണമെന്നാകാംക്ഷിക്കുന്നില്ല— നിങ്ങൾ ജയയാത്രാരംഭിക്കുക. ആ ദിവ്യശക്തി സംരക്ഷിച്ചുവെച്ചില്ലേ. നിങ്ങൾ നിങ്ങളെത്തന്നെ ആ പരമകാരുണികന്റെ ചരണകമലങ്ങളിൽ അടിയറ വെക്കുക, നിത്യമായ സമാധാനം പ്രതിഫലമായി അനുഭവിക്കുക!

അല്ലയോ, സൃഷ്ടിഗണങ്ങളായ സഞ്ചയങ്ങളുടേയും സർവ്വോത്തമനായ മാർഗ്ഗദർശി! അങ്ങയുടെ അനന്തമായ ആകാരത്തിൽ വിലയം പ്രാപിക്കുവാനാഗ്രഹിക്കുന്ന ഈ വിനീതാത്മാവിനെ, അങ്ങ്, കരുണാപൂർവ്വം സ്വീകരിച്ചേക്കണമേ! ഈ ആത്മാവ് അതിന്റെ അഭിവൃദ്ധിക്കാവശ്യമായ സകലവും സമ്പാദിച്ച് സംഭരിക്കുവാൻ ശക്തമായിത്തീരേണമേ! എന്റെ സകല കർമ്മവും അപരോപകാരത്തിനാകേണമേ! എന്റെ ജീവിതം ലോകത്തിനനുഗ്രഹമായിത്തീരേണമേ!